(2) സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, കൊല്ലം ജില്ലയിലെ ഏതാണ്ട് ഒന്നര ലക്ഷത്തിലധികം വരുന്ന സാധാരണക്കാരെ, വളരെ ദരിദ്രരായിട്ടുള്ള വ്യക്തികളെ ബാധിക്കുന്നതും മുപ്പതിനായിരത്തോളം കുടുംബങ്ങളെ നേരിട്ട് ബാധിക്കുന്നതുമായ വളരെ ഗൗരവമുള്ള വിഷയത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 2000-2001 ലെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ പേരിൽ കൊല്ലം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട മുപ്പതിനായിരം വീടുകൾ പൊളിച്ചിട്ടിരിക്കുകയാണ്. രാവും പകലും ഘോരമായ മഴ പെയ്യുന്ന ഈ സാഹചര്യത്തിൽ രണ്ടു വർഷം മുമ്പ് പൊളിച്ചിട്ട വീടുകളിൽ താമസിക്കുന്ന ഏതാണ്ട് ഒന്നര ലക്ഷത്തോളം ആളുകൾ ഭവനരഹിതരായി സർക്കാരിന്റെ സഹായം കാത്തിരിക്കുന്ന വളരെ ദുഃഖകരമായ അവസ്ഥയിലാണ് ഈ പ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. ഇതിനു മുൻപ്, കഴിഞ്ഞ സമ്മേളനത്തിൽ ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം എന്റെ സുഹൃത്ത് ബഹുമാന്യനായ ശ്രീ. ഷിബു ബേബിജോൺ ഇവിടെ ഉന്നയിച്ചതാണ്. അന്ന് ഹഡ്കോയുടെ ചില കാരണങ്ങളാണ് പറഞ്ഞത്. ഇന്നും ഒന്നര ലക്ഷത്തോളം ആളുകൾ ഭവന രഹിതരാണ്. അവർ എങ്ങനെ ഭവന രഹിതരായി എന്ന വിഷയത്തിലേയ്ക്ക് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നു. 26-03-2001 ൽ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി ദേവകി അയച്ച കത്താണ്. എന്തായിരുന്നു മനസ്സിലെ ഉദ്ദേശം എന്ന് എനിക്കറിയില്ല. മുപ്പതിനായിരം പേർക്ക് ഏതാണ്ട് ഒന്നര ലക്ഷം രൂപ ചെലവാക്കി അയച്ച കത്താണ്. നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്, ആദ്യ ഗഡു സ്വീകരിക്കുവാൻ നിങ്ങൾ മെയ് മാസം 30, 31 തീയതികളിൽ രേഖകളുമായി, (ആദ്യ ഗഡുവായ ഏഴായിരം രൂപ നൽകുവാൻ തയ്യാറാണ്) വരണം എന്ന് അറിയിച്ചിരുന്നു. അതു കഴിഞ്ഞ് രണ്ടാമത്തെ ഗഡുവായ പതിനായിരത്തി അഞ്ഞൂറു രൂപ വാങ്ങാൻ വേണ്ടി നിങ്ങൾ അടിസ്ഥാനം കെട്ടിയിട്ട വീടിന്റെ രേഖകളുമായി ജൂൺ 18, 23 തീയതികളിൽ പണം വന്നു വാങ്ങാനാണ് പറഞ്ഞിരിക്കുന്നത്. പണം നൽകിയില്ല, എന്നു മാത്രമല്ല, പല പഞ്ചായത്തുകളും ഗുണഭോക്താക്കളിൽനിന്നും അയ്യായിരം രൂപാവരെ സ്വീകരിച്ചിട്ടുണ്ട്. പതിനായിരം രൂപ ഉപഭോക്താവിന്റെ ഭാഗത്തുനിന്ന് ജില്ലാ പഞ്ചായത്തിന് നൽകും എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇരുപത്തഞ്ചായിരം രൂപയുടെ ലോൺ അടക്കം മുപ്പത്തയ്യായിരം രൂപയുടെ ഒരു വീട് കിട്ടും എന്നുള്ള നിലയിൽ സാധാരണക്കാരായ ഒരുപാട് ആളുകൾ വളരെ വേഗത്തിലാണ് മാർച്ച് മാസം ഇരുപത്തിയാറാം തീയതി വീടു പൊളിച്ച് പണി രേഖകളുമായി ചെല്ലാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ഇത്ര രൂപാ വാങ്ങാൻ ഇന്ന ദിവസം വരണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അത് വിശ്വസിച്ചുകൊണ്ട് വീടു പൊളിച്ചു. രണ്ടു വർഷമായി മഴയും വെയിലുംകൊണ്ട് അല്ലെങ്കിൽ അടുത്ത വീട്ടിൽ ടാർപ്പാളിനോ ഓലയോ മറച്ചു കിടക്കുന്ന ഭവന രഹിതരായ ഒന്നര ലക്ഷത്തോളം വരുന്ന ആളുകളുണ്ട്. മുപ്പതിനായിരത്തോളം കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ചെറുതായി കാണുവാൻ കഴിയുകയില്ല. ഇത് പറഞ്ഞു കേൾക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ തെറ്റായ സമീപനത്തിലൂടെ വന്നതാണ് എന്നാണ്. ഒന്നാംഘട്ട പാർപ്പിട പദ്ധതി പ്രകാരം ഇരുപത്തയ്യായിരം വീടുകൾ നൽകിയിരുന്നു. അത് രാഷ്ട്രീയമായിരുന്നു എന്നൊക്കെയാണ് പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, അങ്ങ് ഇതിൽ മുൻകയ്യെടുത്ത് ആരുടെ തെറ്റായാലും ശരിതന്നെ ആരുടെ തെറ്റാണെന്നുള്ളതല്ല, ജനങ്ങളുടെ പ്രശ്നമാണിത്, ഒരു വലിയ സമൂഹത്തിന്റെ പ്രശ്നമാണെന്ന് കണ്ടുകൊണ്ട് അങ്ങിത് പരിഹരിക്കുവാൻ നടപടികളെടുക്കണം. കാരണം സമര പരിപാടികളുമായി ഇറങ്ങാനുള്ള സാമ്പത്തികമോ, കായികമോ ശാരീരികമോ ആയ കഴിവു പോലുമില്ലാത്ത പാവപ്പെട്ടവരാണ്. അവർക്ക് കിടക്കുവാൻ വീടില്ല. അവരിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ ധാരാളമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പത്തനാപുരത്ത് മാത്രം 2,500 വീടുകളാണ് പൊളിച്ചിട്ടിരിക്കുന്നത്. ഒരു പഞ്ചായത്തിൽ അഞ്ഞൂറിലധികം വീടുകൾ പൊളിച്ചിട്ടിരിക്കുന്നു. കൊല്ലംവരെ പോയി സമരം ചെയ്യാനുള്ള വണ്ടിക്കൂലിക്കു പോലും പൈസ ഇല്ലാത്ത പാവങ്ങളാണ്. ഇവരെ സഹായിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണം. ഞാൻ ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ നേരത്തേ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അദ്ദേഹം പറഞ്ഞത് ഹഡ്കോയുടെ ലോണിന്റെ ഗ്യാരന്റി പ്രശ്നമെല്ലാം പരിഹരിച്ചതിനു ശേഷം പരിഹരിക്കാമെന്നാണ് . അതിൽ രാഷ്ട്രീയ മുതലെടുപ്പു നടത്തുന്നു എന്നുള്ളത് അവിടെ നിൽക്കട്ടെ. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കണം. ഈ നാട് ഭരിക്കുന്ന ഗവൺമെന്റിന് അവരെ സഹായിക്കുവാനുള്ള പ്രതിബദ്ധതയുണ്ടെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ഇതൊരു വലിയ സാമൂഹ്യ പ്രശ്നം തന്നെയാണ്. ചില ജില്ലാ പഞ്ചായത്തുകളിൽ മാത്രം നടപ്പാക്കിയ ഒരു പദ്ധതിയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് കൊടുത്ത ഗൈഡ് ലൈൻസ് അനുസരിച്ചുള്ള പദ്ധതിയല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ 5 ജില്ലകളിലാണ് ഇത് നടപ്പാക്കിയത്. തിരുവനന്തപുരത്ത് ഇതു സംബന്ധിച്ച പ്രവർത്തനം പൂർത്തിയായി എന്നാണ് മനസ്സിലാകുന്നത്. ആലപ്പുഴയിലേയും കൊല്ലത്തേയും തൃശ്ശൂരിലേയും പണികൾ ഏകദേശം ഇപ്പോൾ പൂർത്തിയായി വരുന്നു. എറണാകുളത്തും കൊല്ലത്തേതു പോലെ പ്രശ്നമുണ്ടായിരുന്നു. എറണാകുളം ജില്ലാ പഞ്ചായത്ത് വളരെ താൽപ്പര്യമെടുത്തുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സഹായമൊക്കെ അഭ്യർത്ഥിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു. എറണാകുളം ജില്ലയിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ 30-ാംതീയതി പണവിതരണം ആരംഭിച്ചിരിക്കുകയാണ്. കൊല്ലം ജില്ലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലാ പഞ്ചായത്ത് നോഡൽ ഏജൻസിയായി നടപ്പാക്കുന്ന ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഒരു സംയുക്ത സംരംഭമാണ് ഈ ജനകീയ പാർപ്പിട പദ്ധതി. ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഘട്ട പദ്ധതിക്കുവേണ്ടി 2000-2001 സാമ്പത്തിക വർഷം 25,000 വീടുകൾക്ക് 35,000 രൂപ ക്രമത്തിൽ 87.5 കോടി രൂപ ഹഡ്കോയിൽ നിന്നും ധനസഹായം ലഭ്യമാക്കുകയും തുക ഗുണഭോക്താക്കൾക്ക് നൽകി ഒന്നാം ഘട്ട പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിന് 2-01-2001-ൽ ഹഡ്കോയുമായി കരാർ വച്ചിരുന്നു. രണ്ടാംഘട്ട ലക്ഷ്യം 30,000 വീടുകളാണ്. ഇതിൽ 15,000 വീടുകൾക്ക് ഒന്നിന് 10,000 രൂപ ക്രമത്തിൽ 15 കോടി രൂപയുടെ ട്രഷറി ചെക്ക് കാഷ് ഡെപ്പോസിറ്റ് ഇനത്തിൽ 2001 മാർച്ചിൽ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് നൽകിയെങ്കിലും ട്രഷറി നിയന്ത്രണംമൂലം ചെക്ക് മാറാൻ കഴിയാതെ വന്നതിനാലും ലോൺ കാലാവധി അവസാനിച്ചതിനാലും ഹഡ്കോ ധനസഹായം നൽകിയില്ല. ജില്ലാ പഞ്ചായത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 18-10-2001-ൽ അവസാനിച്ചിരുന്ന ലോൺ കാലാവധി ഹഡ്കോ 18-04-2002-വരെ ദീർഘിപ്പിച്ച് നൽകി എങ്കിലും ഈ കാലയളവിൽ ചെക്കിനുള്ള ക്ലിയറൻസ് ധനകാര്യ വകുപ്പിൽ നിന്ന് ലഭിച്ചില്ല. 17-7-2002-ൽ 15 കോടിരൂപയ്ക്കുള്ള ക്ലിയറൻസ് ലഭിച്ചു എങ്കിലും ഹഡ്കോ ലോൺ നൽകാൻ തയ്യാറായീല്ല. കാഷ് ഡപ്പോസിറ്റ് അടിസ്ഥാനത്തിലുള്ള വായ്പകൾ ഇനിമേൽ നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചതായി ഹഡ്കോ അറിയിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ജനകീയ പാർപ്പിട പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പിന് ഹഡ്കോയുടെ ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഹഡ്കോ റീജിയണൽ ചീഫ്, കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഹഡ്കോ സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുമായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 6-6-2003-ൽ ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയുമായി കൂടുതൽ ചർച്ച നടത്തി വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ആവശ്യമായ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് ഹഡ്കോ റീജിയണൽ ചീഫുമായി ഞാൻ ഇന്നലെ രാത്രിയിൽ ബന്ധപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ബഹുമാനപ്പെട്ട മന്ത്രി ഇതിന് എന്ന് പരിഹാരം കാണാൻ കഴിയുമെന്നും അങ്ങേയ്ക്ക് ഉറപ്പ് പറയാൻ കഴിയുമോ ? അങ്ങ് ഇതിൽ താൽപ്പര്യമെടുത്ത് ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിച്ച് ഇവരെ പെരുമഴയിൽ നിന്നും ദുരിതങ്ങളിൽ നിന്നും മോചിപ്പിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് ഒരു ഉറപ്പ് നൽകിയാൽ വളരെ നന്നായിരിക്കും. ഇതൊരു മനുഷ്യത്വത്തിന്റെ പ്രശ്നമാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : സാമൂഹ്യ പ്രശ്നമായതു കൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഇക്കഴിഞ്ഞ 6-ാം തീയതിയാണ് ഒരു യോഗം ചേർന്നത്. ജില്ലാ സെക്രട്ടറി ഹഡ്കോയുമായി സംസാരിച്ച് ഇതിന്റെ കാര്യത്തിൽ എന്തുവേണമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം തന്നെയാണ് ഞാൻ ഇന്നലെ ഹഡ്കോയുടെ റീജിയണൽ ചീഫുമായി സംസാരിച്ചു എന്ന് ഞാൻ പറഞ്ഞത്. എത്രയും വേഗം നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ ശ്രമങ്ങളെ വച്ചുകൊണ്ടായിരിക്കും ഈ പ്രവർത്തനം നടത്തുകയെന്നുള്ള കാര്യം പ്രത്യേകമായി അറിയിക്കുന്നു.

IV സബ്മിഷൻ

(1) കക്കത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീമതി മേഴ്സി രവി : സർ, വേമ്പനാട് കായലിന്റെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ തീരപ്രദേശങ്ങളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ് കക്ക വാരൽ. കക്ക വാരുന്ന തൊഴിലാളികളെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനായി കക്കത്തൊഴിലാളി സംഘങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിൽ കറുത്ത കക്ക വാരുന്നത് മീറ്റിനാണ്. കറുത്ത കക്ക വാരുന്നവരെ ഫിഷർമെനിലാണ് പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അവർക്ക് ഫിഷറീസിന്റെ വക തന്നെയായി വെൽഫെയർ ബോർഡും ക്ഷേമനിധികളും ഏർപ്പെടുത്തിയിട്ടുണ്ട്. വെളുത്ത കക്ക വാരുകയല്ല, അത് വെട്ടിയെടുക്കുകയാണ്. മണിക്കൂറുകളോളം വെള്ളത്തിൽ ശ്വാസം പിടിച്ചുകിടന്ന് ജോലി ചെയ്യുന്ന ഒരു തൊഴിലാളിയുടെ വരുമാനമെന്നു പറയുന്നത് ഏകദേശം 50 രൂപയാണ്. ഇങ്ങനെ ഏകദേശം മൂവായിരത്തോളം ആളുകളാണ് കക്ക വാരി ഉപജീവന മാർഗ്ഗം കഴിക്കുന്നത്. ഇവർക്ക് നാല് സംഘങ്ങളുണ്ട്. ഈ നാല് സംഘങ്ങളിൽ രണ്ട് സംഘങ്ങൾ മാത്രമാണ് ആക്ടീവായിട്ടുള്ളത്. ബാക്കി രണ്ടെണ്ണം പ്രവർത്തനരഹിതവുമാണ്. ഇതിൽ കക്ക വാരുന്നതിന് ഗവൺമെന്റിന് റോയൽറ്റി കൊടുക്കണം. കുമരകം സംഘം മാത്രം കേരള ഗവൺമെന്റിന് റോയൽറ്റി ഇനത്തിൽ ഒരു വർഷം കൊടുക്കുന്നത് മൂന്നര ലക്ഷം രൂപയാണ്. ഇത്രയും വലിയ തുക കേരള ഗവൺമെന്റിന് കൊടുക്കുമ്പോൾ അവർക്ക് ഗവൺമെന്റിൽ നിന്നും യാതൊരു ആനുകൂല്യവും തിരിച്ച് കിട്ടുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ജനീവയിൽ ഐ.എൽ.ഒ കോൺഫറൻസിന് പോയി വന്നിരിക്കുകയാണ്. അസംഘടിത മേഖലയിലെ തൊഴിലാളി വർഗ്ഗത്തിനും അതുപോലെ ഇൻഫോർമൽ എക്കണോമിക്കും ഉള്ള പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം നന്നായി മനസ്സിലാക്കിയിട്ടുണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്ന് ലോകത്തിന്റെ ശ്രദ്ധ തന്നെ അസംഘടിത മേഖലയിലേയ്ക്കും ഇൻഫോർമൽ സെക്ടറിലേക്കും പോയിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. മൂവായിരത്തോളം വരുന്ന ഈ അസംഘടിത മേഖലയിലെ തൊഴിലാളികൾ, ഇവിടെ പല പ്രാവശ്യം സമരങ്ങളുമായി വന്നതാണ്, കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ. ഇന്ന് അവർക്ക് അതിനുപോലും കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും

LIBRARY ARCHIVES Kerala Legislative Assembly